# കാലിക്കറ്റ് സർവകലാശാല
## വിദൂര വിദ്യാഭ്യാസ വിഭാഗം

83843/SDE-C-ASST-3/2023/Admn (I)                                   11.01.2024

**<u>വിജ്ഞാപനം</u>**

കാലിക്കറ്റ് സർവകലാശാല വിദൂര വിദ്യാഭ്യാസ വിഭാഗം CBCSS- 2020 (പ്രൈവറ്റ് രജിസ്ട്രേഷൻ) ബിഎ/ബികോം/ബിബിഎ വിദ്യാർത്ഥികളുടെ ഒന്ന് മുതൽ നാലു സെമസ്റ്റർ വരെയുള്ള ഓഡിറ്റ് കോഴ്സ് സപ്ലിമെന്ററി പരീക്ഷ 2024 ഫെബ്രുവരി ആദ്യവാരത്തിൽ ഓൺലൈൻ ആയി നടത്തുന്നതാണ്. കാലിക്കറ്റ് സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം ഔദ്യോഗിക വെബ്സൈറ്റിൽ, ബോർഡ് ഓഫ് സ്റ്റഡീസ് തയ്യാറാക്കി പ്രസിദ്ധീകരിച്ചിരിക്കുന്ന MCQs അടിസ്ഥാനമാക്കിയാണ് പരീക്ഷ നടത്തുന്നത്. *ഒന്നാം സെമസ്റ്റർ - എൻവയോൺമെന്റ് സ്റ്റഡീസ്, രണ്ടാം സെമസ്റ്റർ - ഡിസാസ്റ്റർ മാനേജ്മെന്റ്, മൂന്നാം സെമസ്റ്റർ - ഹ്യൂമൻ റൈറ്റ്സ്, നാലാം സെമസ്റ്റർ - ജൻഡർ സ്റ്റഡീസ്* എന്നിവയുടെ MCQs വെബ്സൈറ്റിൽ (www.sde.uoc.ac.in> UG AUDIT COURSE-2024-NOTIFICATION) ലഭ്യമാക്കിയിട്ടുണ്ട്. വിദ്യാർഥികൾ പ്രസ്തുത MCQs അടിസ്ഥാനമാക്കി പരീക്ഷക്ക് തയ്യാറാകേണ്ടതാണ്.

ഓരോ മാർക്ക് വീതമുള്ള 30 ചോദ്യങ്ങൾ ഉൾപ്പെടുത്തിയാണ് പരീക്ഷ. പരീക്ഷയുടെ പരമാവധി സമയം ഒരു മണിക്കൂർ ആണ്. പരമാവധി മാർക്ക് 30 ഉം പാസ് മാർക്ക് 12ഉം (40%) ആണ്. പരീക്ഷയുടെ വിശദമായ ഷെഡ്യൂളും പരീക്ഷാ ലിങ്കും കാലിക്കറ്റ് സർവകലാശാല വെബ്സൈറ്റിൽ (www.uoc.ac.in>Students Zone>Private Registration>UG AUDIT COURSE) പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്. ഓരോ വിദ്യാർത്ഥിയും അവരവർക്ക് അനുവദിച്ചിട്ടുള്ള ടൈമിൽ ഓൺലൈൻ ലിങ്കിൽ കയറി പരീക്ഷ എഴുതേണ്ടതാണ്.

**വിദ്യാർത്ഥികളുടെ പ്രത്യേക ശ്രദ്ധക്ക് ഒന്ന്, രണ്ട്, മൂന്ന്, നാല് സെമെസ്റ്ററുകളിലെ യു ജി ഓഡിറ്റ് കോഴ്സ് പരീക്ഷ പാസായാൽ മാത്രമേ ഡിഗ്രി പാസ്സായ കൺസോളിഡേറ്റഡ് ഗ്രേഡ് കാർഡും സർട്ടിഫിക്കറ്റും ലഭിക്കുകയുള്ളൂ. ആയതിനാൽ വിദ്യാർഥികൾ SDE വെബ്സൈറ്റിൽ - UG AUDIT COURSE-2024-NOTIFICATIONS ലെ (How to attempt Audit Course Online Examination-Demo Video) കണ്ട് പരീക്ഷ എഴുതുന്നതിനുള്ള പരിശീലനം നേടി ഓഡിറ്റ് കോഴ്സ് പരീക്ഷ വിജയകരമായി പൂർത്തിയാക്കേണ്ടതാണ്. ഈ പരീക്ഷ എഴുതാതിരിക്കുകയോ പാസ്സാവാതിരിക്കുകയോ ചെയ്യുന്ന വിദ്യാർത്ഥികൾക്ക് അടുത്ത വർഷത്തെ ബാച്ചിനോടൊപ്പം സപ്ലിമെന്ററിയായി മാത്രമേ പരീക്ഷ എഴുതാൻ സാധിക്കുകയുള്ളൂ.**

Phone: 0494-2400288, 2407356.

Clara Shirly Fernandez
Deputy Registrar